**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1018** **06-02-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ പെരുമ്പുഴ തോട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബജറ്റിൽ തുക അനുവദിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്ത തിരൂരങ്ങാടി മണ്ഡലത്തിലെ പെരുമ്പുഴ തോട് നവീകരണ പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭ്യമാക്കിയോയെന്ന് വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് തെന്നല ഗ്രാമ പഞ്ചായത്തിലെ പെരുമ്പുഴ തോട് വി സി ബി നിർമ്മാണവും പാർശ്വഭിത്തി സംരക്ഷണവും പ്രവൃത്തി സംബന്ധിച്ച എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചു വരുന്നു. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി സമയബന്ധിതമായി ആരംഭി ക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ? | (ബി) | മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് തെന്നല ഗ്രാമ പഞ്ചായത്തിലെ പെരുമ്പുഴ തോട് വി സി ബി നിർമ്മാണവും പാർശ്വഭിത്തി സംരക്ഷണവും പ്രവൃത്തി സംബന്ധിച്ച എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചു വരുന്നു. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി സമയബന്ധിതമായി ആരംഭി ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ